**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 390** — **09-08-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദീൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലെ തണ്ടപ്പേര് രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ 1666വില്ലേജുകളിൽ 1656 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 1607 വില്ലേജുകളിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന പോക്കുവരവ്, ഭൂനികുതി എന്നിവ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനും തണ്ടപ്പേർ രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ സ്കാൻ ചെയ്ത് ReLIS മായി ബന്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം ഉപയോഗയോഗ്യമല്ലാതാകുന്നതും നശിച്ചു പോകുന്നതും ഒഴിവാക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ(TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈൻ ആയി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്കുമെന്റ് മാനേജ്മെന്റ് സിസ്റ്റം (DMS) എന്ന പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കൂടാതെ സർവ്വെയും ഭൂരേഖയും വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള റീസർവ്വെ റിക്കാർഡുകളും മുൻ റിക്കാർഡുകളും ഡിജറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം നശിച്ചുപോകുന്നതും സൂക്ഷിക്കുന്നതിലുണ്ടാകുന്ന വീഴ്ചകളും പലപ്പോഴും പൊതുജനങ്ങൾക്കും സർക്കാരിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിന് ഇവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നതിനാൽ | (ബി) | ഉണ്ട്. സംസ്ഥാനത്തെ 1666വില്ലേജുകളിൽ 1656 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 1607 വില്ലേജുകളിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന പോക്കുവരവ്, ഭൂനികുതി എന്നിവ ഓൺലൈൻ ആയി |

| | | | |
|---|---|---|---|
| | അടിയന്തരമായി ഇത്തരം രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | സ്വീകരിക്കുന്നതിനും തണ്ടപ്പേർ രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ സ്കാൻ ചെയ്ത് ReLIS മായി ബന്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം ഉപയോഗയോഗ്യമല്ലാതാകുന്നതും നശിച്ചു പോകുന്നതും ഒഴിവാക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ(TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈൻ ആയി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്കുമെന്റ് മാനേജ്മെന്റ് സിസ്റ്റം (DMS) എന്ന പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കൂടാതെ സർവ്വെയും ഭൂരേഖയും വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള റീസർവ്വെ റിക്കാർഡുകളും മുൻ റിക്കാർഡുകളും ഡിജറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ